LIBRARY ARCHIVES Kerala Legislative Assembly

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നിർമ്മിച്ച റോഡുകൾ

141 (1882) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ ചുമതലയിൽ എത്ര റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; പ്രസ്തുത റോഡുകളുടെ പേരും, തുകയും അറിയിക്കുമോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാം തന്നെ പൂർത്തീകരിച്ചുവോ; ഇല്ലായെങ്കിൽ ഏതൊക്കെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ ഉണ്ടെന്നും, ആയത് എന്നത്തേക്ക് നിർമ്മാണം പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ 16 തീരദേശ റോഡുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ പേരും തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത 16 റോഡുകളിൽ 13 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിക്കുവാനുള്ള മൂന്ന് റോഡുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

നമ്പർ	റോഡിന്റെ പേര്	ഇപ്പോഴത്തെ അവസ്ഥ
1	പരവൂർ-മുനിസിപ്പാലിറ്റിയിലെ പൊഴിക്കരയിൽ വാർഡ് നമ്പർ 22-ൽ ചീപ്പ് പാലത്തിൽക്കൂടിയുള്ള കളരിമുക്ക് - തെക്കുംഭാഗം റോഡ്	സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.
2	ചിറക്കര ഗ്രാമപഞ്ചായത്തിലെ ചിറക്കര താഴം വാർഡിൽ കപ്പണംമുക്ക് മണ്ണാലുംമുക്ക് റോഡ്	പ്രവൃത്തി പുരോഗമിച്ചുവരുന്നു
3	ചിറക്കര ഗ്രാമപഞ്ചായത്തിലെ കരിമ്പിൻപന പോളച്ചിറ ഏലാ റോഡ്	കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

ടി പ്രവൃത്തികൾ താമസംകൂടാതെ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്